ESTD 1928

INDIAN MEDICAL ASSOCIATION

**Kerala**

# കേരള പോലീസിലെ ഉദ്യോഗസ്ഥർക്കായി
# കോവിഡ് രോഗകാലത്ത്
# ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ
# കേരള സംസ്ഥാന ഘടകം
# പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ

## ആമുഖം

ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു രോഗാവസ്ഥ ആയ കോവിഡ് 19 നോട് ഇന്ന് മനുഷ്യരാശി ഒട്ടാകെ പൊരുതുകയാണല്ലോ. ലോകമാസകലം ഏതാണ്ട് അൻപത് ലക്ഷത്തോളം രോഗികളും മൂന്നര ലക്ഷത്തോളം മരണവും സംഭവിച്ചു കഴിഞ്ഞു. ഇന്ത്യയിൽ തന്നെ മൊത്തം രോഗികളുടെ എണ്ണം ഒരു ലക്ഷം കടന്നപ്പോൾ 3000-ൽ അധികം ജീവൻ നമുക്ക് നഷ്ടപ്പെട്ടു. കേരളത്തിലും ഏതാണ്ട് 130 ഓളം രോഗികളും നാല് മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടു. രോഗികളുടെ എണ്ണവും മരണവും വളരെ കുറക്കാൻ കേരളത്തിന് കഴിഞ്ഞു, അതുപോലെ തന്നെ രോഗത്തിന്റെ വ്യാപനവും. ഇത് നമുക്ക് നേടാൻ സാധിച്ചത് വളരെ ആദ്യമേ തന്നെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നിർദ്ദേശിച്ചതുപോലെ ലോക്ഡൗൺ പ്രഖ്യാപിക്കുവാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത് കൊണ്ടാണ്, ഇന്ത്യയിൽ തന്നെ ഏറ്റവും ആദ്യം ലോക്ഡൗൺ പ്രഖ്യാപിച്ച സംസ്ഥാനമായി കേരളം മാറി. ഇത്തരം ലോക്ഡൗണും അതുപോലെ രോഗനിയന്ത്രണവും കേരളത്തെ ലോകത്തിനുമുന്നിൽ ഒരു മാതൃകയാക്കി മാറ്റാൻ നമുക്ക് സാധിച്ചത് വളരെ ശക്തമായ സംസ്ഥാന ഭരണകൂടവും പൊതുജനാരോഗ്യ സംവിധാനവും നമ്മുടെ നാട്ടിലെ ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും അതുപോലെ തന്നെ കേരള സംസ്ഥാന പോലീസിന്റെ 24 മണിക്കൂർ തുടർച്ചയായ സേവനവും കൊണ്ടു മാത്രമാണ് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുവാനുള്ള മേഖലകളിൽ ജോലി ചെയ്യുമ്പോൾതന്നെ രോഗികളെ തിരിച്ചറിയുവാനും അവരെ കോറന്റൈനിൽ നിർത്തുവാനും പോലീസിന്റെ ശക്തമായ ഇടപെടൽ വളരെയധികം സംസ്ഥാനത്തെ സഹായിച്ചു. ഇത്തരുണത്തിൽ കേരളത്തിലെ ഏറ്റവും വലിയ പൊതുജനാരോഗ്യപ്രസ്ഥാനമായ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പോലീസ് ഉദ്യോഗസ്ഥരെ അഭിവാദ്യം ചെയ്യുന്നു.

ലോക്ഡൗണിന്റെ നാലാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ വൈറസ് വാഹകരായ ധാരാളം വ്യക്തികൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിച്ചേരുകയാണ്. അതുകൊണ്ട് തന്നെ ഇനിയും ധാരാളം പേർക്ക് രോഗാണുബാധ ഉണ്ടാകാനുള്ള സാഹചര്യത്തെ നാം മുൻകൂട്ടി കാണേണ്ടിയിരിക്കുന്നു.

ഇങ്ങനെ വരുമ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും പോലീസ് ഉദ്യോഗസ്ഥന്മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും രോഗാണുബാധ ഉണ്ടാകാനുള്ള സാധ്യത വളരെയധികമാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിലെ പോലീസുകാരുടെ ഇടയിൽ രോഗാണുബാധ കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. എബ്രഹാം വർഗ്ഗീസും സംസ്ഥാന സെക്രട്ടറി ഡോ. പി. ഗോപികുമാറും കൂടി ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിക്കുന്നത്.

കമ്മിറ്റി അംഗങ്ങൾ ഇപ്രകാരം:

| | | |
|---|---|---|
| ചെയർമാൻ | : | ഡോ. എ.വി. ബാബു |
| കൺവീനർ | : | ഡോ. ഇ.കെ. ഉമ്മർ |
| അംഗങ്ങൾ | : | ഡോ. ശ്രീകുമാർ വാസുദേവൻ<br>ഡോ. ആർ.സി. ശ്രീകുമാർ<br>ഡോ. അജിത് ഭാസ്കർ |

ഈയൊരു ഉത്തരവാദിത്തം ഞങ്ങളെ ഏൽപ്പിച്ചതിന് ഈ കമ്മിറ്റി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയോട് നന്ദി രേഖപ്പെടുത്തുന്നു. കമ്മിറ്റി തമ്മിൽ പല തവണ ഈ വിഷയം ചർച്ച ചെയ്യുകയും സംസ്ഥാന നേതൃത്വവുമായും കേരള പോലീസിലെ അനേകം ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത ശേഷമാണ് ഈ റിപ്പോർട്ട് ഞങ്ങൾ തയ്യാറാക്കുന്നത്.

## <u>കോവിഡ് രോഗകാലത്ത് കേരള പോലീസ് ഉദ്യോഗസ്ഥന്മാർക്കായി ഉള്ള സുരക്ഷാ നിർദ്ദേശങ്ങൾ</u>

**എന്തുകൊണ്ട് ഈ നിർദ്ദേശങ്ങൾ:**

ഇന്ന് ലോകമാകമാനം ഭീഷണിയുയർത്തിക്കൊണ്ടിരിക്കുന്നു കോവിഡ് രോഗം. ഈ സാഹചര്യത്തിൽ ഈ രോഗം സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥരെ ബാധിക്കുകയാണെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

1. ഇത് സംസ്ഥാന പോലീസിന്റെ ആത്മധൈര്യത്തെ ബാധിക്കും
2. രോഗം പടർന്നു പിടിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ജോലി ചെയ്യാനുള്ള പോലീസുകാരുടെ എണ്ണം കുറയും

3. ഇത് പ്രധാനമായും കോവിഡ് രോഗത്തെ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങളെ ബാധിക്കും

4. കോറന്റൈൻ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ഇടയാകും

5. അത് സംസ്ഥാനത്തെ ക്രമസമാധാന നിലയെ ബാധിക്കുകയും രോഗം പടർന്നുപിടിക്കാൻ ഇടയാകുകയും ചെയ്യും.

6. സംസ്ഥാനത്തിന് പുറത്തുനിന്നും രോഗാണുവാഹകരായ ആൾക്കാർ എത്തിച്ചേരുമ്പോഴും സ്കൂളുകൾ തുറക്കുമ്പോഴും പോലീസുകാരുടെ ജോലിഭാരം വർദ്ധിക്കാൻ ഇടയാക്കുകയും ചെയ്യും.

**<u>സംസ്ഥാന പോലീസിന്റെ സുരക്ഷയ്ക്കായുള്ള 10 നിർദ്ദേശങ്ങൾ:</u>**

1. വ്യക്തിപരമായും കുടുംബത്തിന് വേണ്ടിയുള്ള സുരക്ഷാ നിർദ്ദേശങ്ങൾ

2. പോലീസ് സ്റ്റേഷനിലും ക്യാമ്പുകളിലും പാലിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ

3. സുരക്ഷാ സൈനികരെ വിഭജിക്കുകയും ഒരു ഭാഗത്തെ സുരക്ഷിതമായി കാത്തുസൂക്ഷിക്കുകയും ചെയ്യാനുള്ള നിർദ്ദേശങ്ങൾ

4. വിമാനത്താവളം, റെയിൽവേസ്റ്റേഷനുകൾ, അതിർത്തി പ്രദേശങ്ങൾ എന്നിവയിൽ ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ

5. സേന ഉപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും അണുവിമുക്തം ആക്കാനുള്ള നിർദ്ദേശങ്ങൾ

6. റോഡിലെ വാഹനപരിശോധനയും വീട് പരിശോധനയും നടത്തുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ

7. റോഡപകടങ്ങൾ ഉണ്ടാകുമ്പോഴും അപകടത്തിൽപെട്ടവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴും പാലിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ

8. മാർക്കറ്റ് പ്രദേശങ്ങളും ആളുകൾ കൂട്ടംകൂടുന്ന സ്ഥലങ്ങളും നിരീക്ഷിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ

9. കുറ്റവാളികളെന്നു സംശയിക്കുന്ന ആൾക്കാരെ അറസ്റ്റ് ചെയ്യുമ്പോഴും അവരെ കൊണ്ടു പോകുമ്പോഴും കസ്റ്റഡിയിൽ സൂക്ഷിക്കുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ

10. കോറന്റൈനിൽ സൂക്ഷിക്കുന്ന ആൾക്കാരെ തിരിച്ചറിയാൻ വേണ്ടി മുദ്ര പതിക്കാൻ ഉള്ള നിർദ്ദേശം

## 1. വ്യക്തിശുചിത്വത്തിനും കുടുംബ സംരക്ഷണത്തിനായുള്ള പൊതുനിർദ്ദേശങ്ങൾ

- ചുമയ്ക്കുമ്പോഴും തൊട്ട് ഇടപെടുമ്പോഴും സോപ്പുപയോഗിച്ച് കൈകഴുകാൻ ശ്രദ്ധിക്കുക
- കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റ് എങ്കിലും കഴുകി വൃത്തിയാക്കുക
- ഡ്യൂട്ടിക്കിടയിൽ സ്വന്തം മുഖത്ത് അറിഞ്ഞോ അറിയാതെയോ തൊടുന്നത് ഒഴിവാക്കുക
- ചുമയ്ക്കേണ്ടി വരുമ്പോൾ വായും മൂക്കും കൈമടക്കിനോട് ചേർത്ത് താഴ്ത്തി ചുമയ്ക്കുക. അതിനുശേഷം തുടക്കാൻ ഉപയോഗിച്ച ടിഷ്യൂ പേപ്പർ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുക
- കൂടെയുള്ളവരുമായോ അപരിചിതരുമായോ വളരെ അടുത്തബന്ധം ഒഴിവാക്കുക. അതുപോലെ ഹസ്തദാനം നൽകുന്നതും ഒഴിവാക്കുക.
- ചുറ്റുമുള്ള ആൾക്കാർ ആരെങ്കിലും ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുകയാണെങ്കിൽ അവരിൽനിന്നും ആറ് അടിയെങ്കിലും മാറിനിൽക്കാൻ ശ്രദ്ധിക്കുക
- ഡ്യൂട്ടി ചെയ്യുന്ന സമയത്ത് കൈ വൃത്തിയാക്കാനുള്ള പേപ്പറുകളും സാനിറ്റൈസറുകളും അത് എപ്പോഴും ലഭ്യമാകുന്ന ഒരു സ്ഥലത്ത് സൂക്ഷിക്കുക
- ഡ്യൂട്ടിക്കായി പുറത്തുപോകുമ്പോൾ മാസ്ക് ധരിക്കുക. ഒരിക്കലും സംസാരിക്കുമ്പോൾ മുഖത്തുനിന്നും മാസ്ക് മാറ്റാൻ പാടുള്ളതല്ല

- എയർകണ്ടീഷൻ ചെയ്ത മുറികളും ആൾക്കൂട്ടങ്ങളും കഴിവതും ഒഴിവാക്കുക
- ഡ്യൂട്ടി കഴിഞ്ഞതിനുശേഷം യൂണിഫോം സോപ്പും വെള്ളവും ഉപയോഗിച്ച് ചൂടുവെള്ളത്തിൽ കഴുകുക
- ഡ്യൂട്ടിക്ക് ശേഷം വീട്ടിലെത്തുമ്പോൾ കഴിവതും ഒരു പ്രത്യേക വാതിലിൽ കൂടി വീട്ടിൽ കടക്കുക. അവിടെനിന്നും കുളിമുറിയിൽ പോയി സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കുളിക്കുകയും യൂണിഫോം വെള്ളത്തിൽ മുക്കി വെക്കുകയും ചെയ്യുക. വീട്ടിൽ അപകട സാധ്യതയുള്ള വ്യക്തികൾ ഉണ്ടെങ്കിൽ അവരിൽനിന്നും സുരക്ഷിതമായ അകലം പാലിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്
- എപ്പോഴെങ്കിലും പനി, ചുമ, തൊണ്ടവേദന, ശ്വാസംമുട്ടൽ എന്നിവ ഉണ്ടാവുകയാണെങ്കിൽ എത്രയും വേഗം ഒരു ഡോക്ടറെ കണ്ട് പരിശോധന നടത്തേണ്ടതാണ്

**2. പോലീസ് സ്റ്റേഷനുകളിലും ക്യാമ്പുകളിലും പാലിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ**

- സാമൂഹ്യ അകലം പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളിലും ക്യാമ്പുകളിലും പാലിക്കേണ്ടതും മാസ്കുകളും, സാനിറ്ററൈസറുകളും ആവശ്യത്തിന് സൂക്ഷിക്കേണ്ടതുമാണ്
- ഡ്യൂട്ടി സമയങ്ങളിൽ വാച്ച്, ആഭരണങ്ങൾ മുതലായ വ്യക്തിഗത സാധനങ്ങൾ ഒഴിവാക്കുക
- ഔദ്യോഗിക ആവശ്യത്തിനായുള്ള പേന, ബെൽറ്റ്, തൊപ്പി മുതലായവ ഡ്യൂട്ടി കഴിഞ്ഞതിനുശേഷം സ്റ്റേഷനിൽ തന്നെ സുരക്ഷിതമായി സൂക്ഷിക്കുക. അത് ഒരിക്കലും വീട്ടിൽ കൊണ്ടുപോകാതിരിക്കുക
- സ്റ്റേഷനുകളിലും ക്യാമ്പുകളിലുമുള്ള എല്ലാ ഫർണിച്ചറുകളും കതകിന്റെ പിടികളും എപ്പോഴും ഉപയോഗിക്കുന്ന സ്ഥലവും ഒരു ശതമാനം ഹൈപ്പോക്ലോറൈറ്റ് കൊണ്ട് ദിവസം മൂന്ന് പ്രാവശ്യം വൃത്തിയാക്കേണ്ടതാണ്

- ഓരോ വിഭാഗം ഉദ്യോഗസ്ഥരും തങ്ങളുടെ ഡ്യൂട്ടി മാറുമ്പോൾ അവർ ഉപയോഗിച്ച വാഹനത്തിന്റെ ഉൾവശവും സ്റ്റീയറിംങ് വീലുകളും ഗീയർ ഷാഫ്റ്റുകളും മറ്റ് ഉപകരണങ്ങളും ഒരു ശതമാനം ഹൈപ്പോക്ലോറൈറ്റ് ഉപയോഗിച്ച് വൃത്തിയാക്കണം
- മൊബൈൽ ഫോണുകൾ ഡ്യൂട്ടി സമയത്ത് ഒരു പ്ലാസ്റ്റിക് കവർ ഉപയോഗിച്ച് സൂക്ഷിക്കുന്നത് നന്നായിരിക്കും. ഉപയോഗശേഷം പ്ലാസ്റ്റിക് കവർ സുരക്ഷിതമായി നശിപ്പിക്കേണ്ടതാണ്
- ഓരോ വിഭാഗവും ഡ്യൂട്ടി കഴിഞ്ഞ് ഇറങ്ങുമ്പോൾ ഡ്യൂട്ടി സമയത്ത് അവർ ഉപയോഗിച്ച ഔദ്യോഗിക ഫോണുകൾ കമ്പ്യൂട്ടറുകൾ മറ്റ് റേഡിയോ ഉപകരണങ്ങൾ എന്നിവ സ്പിരിറ്റ് ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കണം
- എല്ലാ വാഹനങ്ങളിലും സുരക്ഷയ്ക്കായുള്ള ഗ്ലൗസ് മാസ്കുകൾ മുഖാവരണങ്ങൾ റെയിൻകോട്ടുകൾ കുടിക്കാനുള്ള വെള്ളം മുതലായവ എപ്പോഴും ഉണ്ടായിരിക്കും എന്ന് ഉറപ്പുവരുത്തുക
- ഉപയോഗശേഷം മാസ്കുകളും ഗ്ലൗസുകളും അലക്ഷ്യമായി എറിഞ്ഞുകളയാതെ ശാസ്ത്രീയമായി നശിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം

**3. സേനാവിഭാഗത്തെ വിഭജിക്കുകയും ഒരു ഭാഗത്തെ കാത്തു സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ**

- പുറത്തു ജോലി ചെയ്യുന്നതിനും ഓഫീസ് വർക്ക് ചെയ്യുന്നതിനുമുള്ള സേനാവിഭാഗങ്ങളെ കൃത്യമായി വിഭജിക്കുകയും അവർ പരസ്പരം ബന്ധപ്പെടാനുള്ള അവസരം പരമാവധി ഒഴിവാക്കുകയും ചെയ്യുക
- ഡ്യൂട്ടികൾ പരസ്പരം കൈമാറുമ്പോൾ ടെലഫോൺ വഴിയോ മറ്റ് ഓൺലൈൻ മാർഗ്ഗങ്ങളോ ഉപയോഗിക്കുക
- മൊത്തം സേനാഭാഗത്തെ മൂന്നായി വിഭജിക്കുക. ഓരോ വിഭാഗത്തിനും 10 ദിവസം തുടർച്ചയായി ജോലി ചെയ്യാനുള്ള നിർദ്ദേശം നൽകുകയും ജോലിയിൽ നിന്നും മാറ്റി

നിർത്തപ്പെടുന്ന ഭാഗം ക്യാമ്പുകളിലോ അവരുടെ വീടുകളിലോ സുരക്ഷിതമായി കഴിയാൻ നിർദ്ദേശിക്കുക ഏതെങ്കിലും കാരണവശാൽ സേനാംഗങ്ങൾക്ക് കോറന്റൈനിൽ പോകേണ്ടിവരികയും മറ്റ് അടിയന്തര അവസരങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ റിസർവിൽ ഉള്ള ആൾക്കാരിൽ നിന്ന് ഡ്യൂട്ടിക്ക് ആളെ എടുക്കാവുന്നതാണ്.

- 55 വയസ്സിന് മുകളിലുള്ളവരും സീരിയസായ രോഗങ്ങൾ ഉള്ളവരും അവധിയിൽ പ്രവേശിക്കുകയോ അല്ലെങ്കിൽ അപകട സാധ്യത കുറഞ്ഞ ഡ്യൂട്ടിയിലേക്ക് മാറുകയോ ചെയ്യേണ്ടത് അത്യാവശ്യമാണ്

**4. വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാൻഡുകൾ, അതിർത്തി പ്രദേശങ്ങൾ മുതലായവയിൽ ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ:**

- ജോലി ചെയ്യുമ്പോൾ എപ്പോഴും മാസ്ക് ഗ്ലൗസ് മഴക്കോട്ട് ഷൂസ് എന്നിവ ഉപയോഗിക്കേണ്ടതും ഉപയോഗത്തിനുശേഷം അത് സോപ്പ് വെള്ളം അല്ലെങ്കിൽ ഒരു ശതമാനം ഹൈപ്പോ ക്ലോറൈറ്റോ ഉപയോഗിച്ചു കഴുകേണ്ടതാണ്
- വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ മുതലായ സ്ഥലങ്ങളിൽ ഏറ്റവും ചുരുങ്ങിയ ഉദ്യോഗസ്ഥരെക്കൊണ്ട് ജോലി ചെയ്യിക്കുക. അധികം ആവശ്യമുള്ള സേനാംഗങ്ങളെ സുരക്ഷിതമായി ഒരു വാഹനത്തിലോ അടുത്ത് സുരക്ഷിത സ്ഥലത്തോ സൂക്ഷിക്കേണ്ടതാണ്
- ജനങ്ങളുമായി ബന്ധപ്പെടുന്ന മുൻനിരയിലുള്ള എല്ലാ ഉദ്യോഗസ്ഥരും മാസ്ക്, ഗ്ലൗസ്, മുഖാവരണങ്ങൾ, റെയിൻകോട്ട് എന്നിവ നിർബന്ധമായും ഉപയോഗിക്കണം
- ആൾക്കാർ കൂട്ടംകൂടുന്ന സ്ഥലങ്ങളിൽ അവരെ നിയന്ത്രിക്കാനായി മെഗാഫോൺ ഉപയോഗിച്ചുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്
- വിമാനത്താവളങ്ങൾ, റെയിൽവേസ്റ്റേഷൻ മുതലായ സ്ഥലങ്ങളിൽ യാത്രക്കാരുമായി അടുത്ത് ഇടപഴകേണ്ടിവരുന്ന എല്ലാ ഉദ്യോഗസ്ഥരും റെയിൻകോട്ട് നിർബന്ധമായും ധരിക്കേണ്ടതാണ്

**5. വാഹനങ്ങളും ഉപകരണങ്ങളും അണുവിമുക്തമാക്കാനുള്ള നിർദ്ദേശങ്ങൾ**

- ഓരോ വിഭാഗം ഉദ്യോഗസ്ഥരും ഡ്യൂട്ടി കഴിഞ്ഞ് കൈമാറുമ്പോൾ വാഹനത്തിന്റെ ഉൾവശം ഒരു ശതമാനം ഹൈപ്പോക്ലോറൈറ്റ് ലായനി ഉപയോഗിച്ച് വൃത്തിയാക്കേണ്ടതാണ്
- വാഹനങ്ങളുടെ സ്റ്റീയറിങ്‌വീൽ, ഗീയർഷാഫ്റ്റുകൾ, മറ്റുപകരണങ്ങൾ എന്നിവ നിർബന്ധമായും വൃത്തിയാക്കണം
- ഡ്യൂട്ടിക്കായി ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങളിലും രണ്ട് സെറ്റ് വീതം മഴകോട്ടുകൾ, ഗ്ലൗസുകൾ, മാസ്കുകൾ, മുഖാവരണങ്ങൾ, കുടിവെള്ളം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം

**6. റോഡിൽ വാഹന പരിശോധന നടത്തുമ്പോഴും വീട് സന്ദർശിക്കുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ**

- പരിശോധിക്കുന്ന വാഹനങ്ങളിൽ നിന്നും മിനിമം ഒരു മീറ്റർ മാറി നിൽക്കേണ്ടതും വാഹനത്തിന്റെ താക്കോലുകൾ അതിനെ സംബന്ധിച്ചുള്ള പേപ്പറുകൾ എന്നിവ കൈകൊണ്ട് തൊടാൻ പാടില്ലാത്തതും ആണ്. അങ്ങനെ പരിശോധിക്കേണ്ടി വരികയാണെങ്കിൽ ഗ്ലൗസുകൾ തീർച്ചയായും ഉപയോഗിച്ചിരിക്കണം.
- നാം കാണുന്ന ഓരോ വ്യക്തിയിൽ നിന്നും വൈറസ് ലഭിക്കാൻ സാധ്യതയുണ്ട് എന്നത് നാം മനസ്സിലാക്കിയിരിക്കണം.
- ഏതെങ്കിലും ഒരു വാഹനം കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടാവുകയാണെങ്കിൽ ആ വാഹനത്തിന്റെ ഡ്രൈവർ തന്നെ അത് ഓടിച്ചു സ്റ്റേഷനിൽ എത്തിച്ചുതരാൻ ആവശ്യപ്പെടുക.
- ഒരു കാരണവശാലും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനമോടിക്കുകയോ ആവശ്യമുള്ള സുരക്ഷാ നടപടികൾ പാലിക്കാത്ത ഒരു വ്യക്തിയെ തൊടുകയോ ചെയ്യാൻ പാടുള്ളതല്ല.

- വീട് പരിശോധന നടത്തുമ്പോൾ മാസ്ക്, മുഖപടങ്ങൾ, ഗ്ലൗസുകൾ എന്നിവ ധരിക്കേണ്ടതാണ്.
- വീട് പരിശോധന നടത്തുമ്പോൾ കോറന്റൈനിൽ ഉള്ള വ്യക്തികളുമായി ബന്ധപ്പെടുന്നതിന് മൊബൈൽ ഫോണോ മറ്റ് ഡിജിറ്റൽ മാർഗ്ഗങ്ങളോ ഉപയോഗിക്കേണ്ടതാണ്.

**7. റോഡപകടങ്ങൾ ഉണ്ടാകുമ്പോഴും അപകടത്തിൽപ്പെട്ട രോഗികളെ ആശുപത്രിയിലേക്ക് മാറ്റുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ**

- ഇത്തരം അപകടങ്ങളിൽപ്പെടുന്ന എല്ലാ വ്യക്തികളും കോവിഡ് വൈറസിന്റെ വാഹകരാകാൻ സാധ്യതയുണ്ട് എന്ന് അറിഞ്ഞുകൊണ്ട് വേണം പെരുമാറേണ്ടത്.
- അപകടത്തിൽപ്പെട്ട രോഗികളെ പരിചരിക്കുമ്പോഴും അവരെ ആശുപത്രിയിലേക്ക് മാറ്റുമ്പോഴും ആവശ്യമായ സുരക്ഷാ മാർഗ്ഗങ്ങൾ അതായത് മഴക്കോട്ട്, ഗ്ലൗസ്, ഷൂസ്, മാസ്ക്, കണ്ണടകൾ എന്നിവ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
- ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യുമ്പോഴും മുമ്പ് നിർദ്ദേശിച്ച വാഹന സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- രോഗികളെ ആശുപത്രിയിലേക്ക് നീക്കം ചെയ്യുന്നതിനായി ആംബുലൻസുകൾ അല്ലെങ്കിൽ വ്യക്തി സംരക്ഷണത്തിനുള്ള വസ്ത്രങ്ങൾ ധരിച്ച് ആളുകൾ ഓടിക്കുന്ന വാഹനങ്ങൾ ഉപയോഗിക്കേണ്ടതാണ്

**8. പൊതുസ്ഥലങ്ങൾ മാർക്കറ്റ് എന്നിവ സന്ദർശിക്കുമ്പോളും ആൾക്കൂട്ടത്തെ നിയന്ത്രിക്കേണ്ടി വരുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ**

- ഇത്തരം സ്ഥലങ്ങളിൽ സാമൂഹിക അകലവും മാസ്കുകളും ധരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ഇവിടെ ജോലി ചെയ്യുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരും ഗ്ലൗസ്, മാസ്ക്, ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും മെഗാഫോൺ വഴി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

- ആൾക്കൂട്ടം ഉള്ള സ്ഥലങ്ങളിൽ അവരെ ബോധവാന്മാരാക്കുന്ന വീഡിയോകൾ ഉപയോഗിച്ചുകൊണ്ട് നിർദ്ദേശങ്ങൾ നൽകുക.

**9. കുറ്റവാളികൾ എന്ന് സംശയിക്കുന്ന വ്യക്തികളെ കസ്റ്റഡിയിൽ എടുക്കുമ്പോഴും അവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടു പോകുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ**

- ഇത്തരം കുറ്റങ്ങളിൽ ഏർപ്പെട്ടു എന്ന് സംശയിക്കുന്ന എല്ലാ വ്യക്തികളും കോവിഡിന്റെ വാഹകർ ആകാൻ സാധ്യതയുണ്ട് എന്ന് മനസ്സിലാക്കുക.
- ഇത്തരം വ്യക്തികളുമായി അടുത്ത് ശാരീരിക ബന്ധം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.
- ഇവരുമായി അടുത്ത് ഇടപെടേണ്ടി വരികയാണെങ്കിൽ മുകളിൽ നിർദ്ദേശിച്ച വ്യക്തി സംരക്ഷണ ഉപകരണങ്ങൾ ധരിക്കേണ്ടതാണ്.
- സാധാരണ രീതിയിലുള്ള പരിശോധനകൾ നടത്തുമ്പോഴും ഗ്ലൗസ്, മാസ്ക്, നിർബന്ധമായും ഉപയോഗിച്ചിരിക്കണം.

**10. കോറന്റൈനിൽ ഉള്ള വ്യക്തികളെ തിരിച്ചറിയാനായി അവർക്ക് ഒരു താൽക്കാലിക മുദ്ര നൽകുന്നതിനുള്ള നിർദ്ദേശം.**

- കോറന്റൈനിൽ ഉള്ള എല്ലാ വ്യക്തികൾക്കും അവരെ തിരിച്ചറിയാനായി കാണുന്ന ശരീരഭാഗത്ത് മുദ്ര പതിക്കുന്നത് നന്നായിരിക്കും.
- കോറന്റൈനിൽ ഉള്ള രോഗികൾ താമസിക്കുന്ന വീടുകൾ സന്ദർശിക്കുന്നതിന് പകരം അവരുമായി മൊബൈൽ ഫോണിലോ വാട്സാപ്പ് മാർഗ്ഗം ഉപയോഗിച്ചോ ബന്ധപ്പെടാൻ ശ്രമിക്കുക.

## സമാഹരണം

നാം അഭിമുഖീകരിക്കുന്ന ഈ രോഗത്തെ നിയന്ത്രിക്കുന്നതിൽ പോലീസിന്റെയും, ജനങ്ങളുടെയും പങ്ക് വളരെ വലുതാണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള സംസ്ഥാന ഘടകം കോവിഡിനെ സൂക്ഷിക്കുന്നതിലും രോഗവ്യാപനം തടയുന്നതിനും ഏറ്റവും മുൻപന്തിയിൽ ഉണ്ട്. അതുപോലെ തന്നെ കേരള സർക്കാരിനും പൊതുജനങ്ങൾക്കും വിവിധ വിഭാഗം ഉദ്യോഗസ്ഥർക്കും ഈ രോഗം തടയുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകികൊണ്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ അതിപ്രധാനമായ ഒരു റോളാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ വിവിധ തുറകളിലുള്ള എല്ലാ വ്യക്തികളുടെയും സംഘടനകളുടെയും സംയുക്തമായ ഒരു ഇടപെടൽ കൊണ്ട് മാത്രമേ ഈ രോഗത്തെ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ എന്ന് കരുതുന്നു. ഈ രോഗവ്യാപനം തടയുന്നതിൽ കേരള സംസ്ഥാനത്തെ പോലീസിന് ഒരു വലിയപങ്കുണ്ട് എന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കരുതുന്നതു കൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം ഇവിടെ പുറത്തിറക്കുന്നത്. അതുപോലെതന്നെ ഈ നിർദ്ദേശങ്ങൾ നൽകുക വഴി കേരള പോലീസ് സേനാംഗങ്ങളും ഇവിടുത്തെ ഡോക്ടർ സമൂഹത്തിനും ഇടയിൽ വളരെ ശക്തമായ ഒരുബന്ധം ഉണ്ടാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെയും അവരെ കാത്തു സൂക്ഷിക്കുന്ന പോലീസ് സേനയുടെയും ആരോഗ്യ സംരക്ഷണത്തിനായി ഐ.എം.എ. കേരള ഘടകം കേരളാ പോലീസിനും ജനങ്ങൾക്കുമായി ഈ രേഖ സമർപ്പിക്കുന്നു.

**ഡോ. എബ്രഹാം വർഗ്ഗീ**
ഐ.എം.എ. സംസ്ഥാന പ്രസിഡന്റ്

**ഡോ. പി. ഗോപികുമാർ**
ഐ.എം.എ. സംസ്ഥാന സെക്രട്ടറി

ഐ.എം.എ. കേരള ഘടകം ഓഫീസ്:
**ഐ.എം.എ. സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സ്**
**ആനയറ പി.ഒ., തിരുവനന്തപുരം – 695029**
**ഫോൺ: 0471-2741144, 2741155**
**ഇ-മെയിൽ:** imaksb@yahoo.co.in